(എ) വ്യവസായ വകുപ്പിൽ എട്ട് ജില്ലകളിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ജീവനക്കാരെ പ്രമോട്ട് ചെയ്ത് നിയമിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള പ്രതിസന്ധി പരിഹരിക്കുവാൻ ജീവനക്കാർക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകി നിയമിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫീൽഡ് കാറ്റഗറി തസ്തികയായ സീനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യപ്പെട്ട ഉദ്യോഗസ്ഥരില്ലാത്തതിനാലാണ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ജീവനക്കാരെ പ്രമോട്ടുചെയ്തു നിയമിക്കാൻ സാധിക്കാത്തത്.

(സി) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്ന ആഫീസുകളിൽ അവർ നിർവ്വഹിക്കേണ്ടുന്ന കൃത്യങ്ങൾ അതാത് ആഫീസുകളിലെ മാനേജർമാർക്കോ അസിസ്റ്റന്റ് ജില്ലാ വ്യവസായ ആഫീസർമാർക്കോ ചാർജ്ജ് അറേഞ്ച്മെന്റ് വഴി നൽകുന്നതിനാൽ നിലവിൽ തടസ്സം ഒന്നും തന്നെയില്ല. ഫീൽഡ് കാറ്റഗറിയിൽ പ്രൊബേഷൻ പൂർത്തീകരിക്കാത്തവർക്ക് പ്രൊമോഷൻ നൽകുന്നതാണ് നിയമ വിരുദ്ധമാകയാൽ അത് പരിഗണിക്കാൻ നിർവ്വാഹമില്ല.

മലപ്പുറം ജില്ലയിലെ വാണിയമ്പലത്ത് റബ്ബർ സംസ്കരണ സ്ഥാപനം ആരംഭിക്കാൻ നടപടി

45 [2182] ശ്രീ. പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ:
,, സി. മമ്മൂട്ടി:
,, കെ. എൻ. എ. ഖാദർ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വാണിയമ്പലം റെയിൽവേ സ്റ്റേഷന സമീപം റബ്ബർ തടി സംസ്കരിച്ച് ഹാർഡ് വുഡ് ആക്കി വീട്ടു പണിത്തരങ്ങളും ഫർണീച്ചറുകളും നിർമ്മിക്കുന്ന സ്ഥാപനം ആരംഭിക്കുവാൻ വ്യവസായ വകുപ്പ് രണ്ട് കോടി രൂപ അനുവദിച്ചിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനം ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തതെന്തെന്ന് അറിയിക്കുമോ;

(സി) കേരളത്തിൽ ഏറ്റവും അധികം റബ്ബർ തടികൾ അന്യ സംസ്ഥാനങ്ങളിലേക്ക് കയറ്റിപ്പോകുന്ന മലപ്പുറം ജില്ലയിലെ വാണിയമ്പലത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിന്റെ കീഴിൽ റബ്ബർ സംസ്കരണ സ്ഥാപനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത സ്ഥാപനം എന്നത്തേക്ക് പ്രവർത്തിപ്പിച്ച് തുടങ്ങുവാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കമ്പനിയുടെ മോശമായ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഈ പദ്ധതി തൽക്കാലം നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(സി, ഡി) ഇക്കാര്യത്തിൽ വിശദമായ പഠനം ആവശ്യമാണ്.

ക്രഷ് ആരംഭിക്കുന്നതിനുള്ള മാനദണ്ഡം

46 [2183] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, കെ. എൻ. എ. ഖാദർ:
,, സി. മൊയിൻകുട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഗവൺമെന്റ് പുതുതായി എത്ര സ്ഥലങ്ങളിൽ ക്രഷ് ആരംഭിക്കാനുദ്ദേശിക്കുന്നു;

(ബി) ഇതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(സി) കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ക്രഷ് ആരംഭിക്കാനുദ്ദേശിക്കുന്നതെന്നും ഇവ എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന്റെ വനിതാ ശിശു വികസന വകുപ്പ് ഇന്ത്യയൊട്ടാകെ 15000 ക്രഷുകൾ രണ്ടു ഘട്ടമായി പുതുതായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നു എന്ന് ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയറിനെ അറിയിച്ചതു പ്രകാരം, ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ കേരള സംസ്ഥാന ശിശുക്ഷേമ സമിതിയെ ഇതിന്റെ ആദ്യ ഘട്ടമായി 7000 ക്രഷുകൾ തുടങ്ങുന്നു എന്ന് അറിയിക്കുകയും ചെയ്തു. നിലവിൽ ക്രഷുകൾ ഇല്ലാത്ത ജില്ലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടും, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള അസംഘടിത സ്ത്രീ തൊഴിലാളികളുടെ കുഞ്ഞുങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടും ഒരു കുട്ടിക്ക് 6—8 സ്ക്വയർ ഫീറ്റ് എന്ന ക്രമത്തിൽ കെട്ടിട സൗകര്യവും, കളിസ്ഥലം, ഉറങ്ങാൻ പായ, തലയിണ, കളിപ്പാട്ടങ്ങൾ, ഫർണീച്ചർ, പാത്രം, സ്റ്റൗ, പഠനോപകരണങ്ങൾ, ടോയ്ലറ്റ്, ഇലക്ട്രിസിറ്റി എന്നിവ ഉണ്ടായിരിക്കണമെന്നും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ കുട്ടികളുടെ ജനസംഖ്യാനിരക്ക് അനുസരിച്ച് സംസ്ഥാനങ്ങൾക്ക് ക്രഷുകൾ നൽകുന്നതാണെന്നും

LIBRARY ARCHIVES Kerala Legislative Assembly